മലപ്പുറം കോട്ടക്കുന്നിൽ കെ.ടി.ഡി.സി.-യുടെ കീഴിൽ റിസോർട്ട്

350(2819) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കെ.ടി.ഡി.സി. ഹോട്ടൽ ആന്റ് റിസോർട്ടുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്;

(ബി) മലപ്പുറം കോട്ടക്കുന്നിൽ കെ.ടി.ഡി.സി.-യുടെ കീഴിൽ ഒരു പുതിയ ഹോട്ടൽ ആന്റ് റിസോർട്ട് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെ.ടി.ഡി.സി.-യുടെ ഹോട്ടലുകളും റിസോർട്ടുകളും സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

1. തിരുവനന്തപുരം
2. കോവളം
3. കൊച്ചി
4. തേക്കടി
5. കുമരകം
6. മൂന്നാർ
7. മലമ്പുഴ
8. ഗുരുവായൂർ, തൃശ്ശൂർ
9. സുൽത്താൻബത്തേരി
10. പൊന്മുടി
11. ആലപ്പുഴ
12. കൊണ്ടോട്ടി, മലപ്പുറം
13. തിരുനെല്ലി, വയനാട്
14. നിലമ്പൂർ, മലപ്പുറം
15. കണ്ണൂർ
16. ചങ്ങനാശ്ശേരി, കോട്ടയം
17. പീരുമേട്, ഇടുക്കി

GPM. 2/242/2020-59

LIBRARY ARCHIVES Kerala Legislative Assembly

18. കൊല്ലം
19. മണ്ണാർക്കാട്, പാലക്കാട്
20. പറശ്ശിനിക്കടവ്, കണ്ണൂർ
21. കായംകുളം
22. നെയ്യാർഡാം
23. പാലരുവി
24. വൈക്കം
25. കറ്റിപ്പുറം, മലപ്പുറം
26. വടകര
27. കൊട്ടാരക്കര
28. അതിരപ്പിള്ളി, തൃശ്ശൂർ
29. പുനലൂർ
30. തൃശ്ശൂർ
31. പാലക്കാട്

(ബി) പരിശോധിക്കുന്നതാണ്.

ധർമ്മടം തുരുത്ത്

351(2820) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം തുരുത്തിന് സമീപത്ത് നിർമ്മിക്കുന്ന കിറ്റ്സിന്റെ കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെട്ടിടത്തിന്റെ ഒന്നാമത്തെ നിലവരെയുള്ള സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി&സി) പ്രസ്തുത കെട്ടിടം സി.ആർ.ഇസഡ്. മേഖലയിൽ വരുന്നതിനാൽ പൂർത്തീകരിക്കുന്നതിന് ക്ലിയറൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly